### സിപിസിആർഐ ഡയറക്ടറുമായി ചർച്ച നടത്തി

# നാളികേര നയം: കർഷക സംഘത്തിന്റെ നിർദേശങ്ങൾ ഉൾപ്പെടുത്തും



കേരള കർഷകസംഘം സംസ്ഥാന നേതാക്കൾ സിപിസിആർഐ ഡയറക്ടർ ഡോ. പി ചൗഡപ്പയുമായി സംസാരിക്കുന്നു.

**കാസർകോട്**

നാളികേര നയത്തിൽ കേരള കർഷകസംഘത്തിന്റെ നിർദേശങ്ങളും ഉൾപ്പെടുത്തുമെന്ന് കാസർകോട് കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം ഡയറക്ടർ ഡോ. പി ചൗഡപ്പ പറഞ്ഞു. കർഷകസംഘം സംസ്ഥാന കമ്മിറ്റി ജൂലൈ 25ന് കോഴിക്കോട് നടത്തുന്ന നാളികേര കൃഷി സംരക്ഷണ ശിൽപശാലക്ക് മുന്നോടിയായി സിപിസിആർഐ സന്ദർശിച്ച നേതാക്കളുമായുള്ള ചർച്ചയിലാണ് അദ്ദേഹം ഇതറിയിച്ചത്. കേന്ദ്ര, സംസ്ഥാന ബജറ്റിന് മുന്നോടിയായി സിപിസിആർഐ നാളികേര നയവും പദ്ധതികളും രൂപീകരിക്കുന്നുണ്ട്. സിപിസിആർഐയിൽനിന്ന് കേന്ദ്ര സർക്കാർ റിപ്പോർട്ട് തേടിയിട്ടുണ്ട്. ഇതിന്റെ കരട് കർഷകസംഘം ശിൽപശാലയിൽ അവതരിപ്പിക്കാൻ നൽകും. ചർച്ചയെ തുടർന്നുള്ള നിർദേശങ്ങൾ പുതിയ നയത്തിൽ ഉൾപ്പെടുത്തും. കേരളത്തിൽ നാളികേര കൃഷി കുറയുകയാണ്. ഈ സാഹചര്യത്തിൽ കർഷകസംഘം നടത്തുന്ന പരിശ്രമം ഏറെ വിലപ്പെട്ടതാണെന്ന് ഡയറക്ടർ പറഞ്ഞു. ശിൽപശാലക്ക് സിപിസിആർഐയിലെ ശാസ്ത്രജ്ഞരുടെ സംഘത്തെ അയക്കും. കർഷകരുമായി ആശയവിനമയം നടത്തും. പുതിയ കണ്ടുപിടിത്തങ്ങൾ പരിചയപ്പെടുത്തും. കീടങ്ങളെ നിയന്ത്രിക്കാനുള്ള പ്രതിവിധികളും പരിശീലിപ്പിക്കും. കീടങ്ങളെ തുരത്താൻ തെങ്ങുകളിൽ മരുന്ന് തെളിക്കാൻ പുതിയ ഡ്രോൺ യന്ത്രം രൂപപ്പെടുത്തുകയാണ്. മൂന്നു മാസത്തിനകം ഇത് പുറത്തിറക്കും. നീരക്ക് മികച്ച സാധ്യതയാണ് കേരളത്തിലുള്ളത്. സംസ്കരണത്തിനുള്ള സംവിധാനത്തിന്റെ കുറവാണ് പ്രയാസമുണ്ടാക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു.

**കേരളത്തിലുള്ളത് കർഷകപക്ഷ സർക്കാരാണെന്നും കോഴിക്കോട്, പാലക്കാട്, തൃശൂർ തുടങ്ങിയ ജില്ലകളിൽ പ്രത്യേക നാളികേര മേഖലകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും നേതാക്കൾ ഡയരക്ടറെ അറിയിച്ചു.**

കേരളത്തിലുള്ളത് കർഷകപക്ഷ സർക്കാരാണെന്നും കോഴിക്കോട്, പാലക്കാട്, തൃശൂർ തുടങ്ങിയ ജില്ലകളിൽ പ്രത്യേക നാളികേര മേഖലകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും നേതാക്കൾ ഡയറക്ടറെ അറിയിച്ചു. കർഷകരുടെ സംഘടനകളുമായി രണ്ടുതവണ സർക്കാർ ചർച്ച നടത്തുകയുണ്ടായി. പത്തുലക്ഷം നാളികേര കർഷകർ സംസ്ഥാനത്തുണ്ട്. നാളികേര ഉൽപാദനവും ഇവയിൽനിന്നുള്ള മൂല്യവർധിത ഉൽപന്നങ്ങളും വർധിപ്പിക്കാൻ പരിശ്രമമുണ്ടാകണം. ഇക്കാര്യങ്ങളിൽ കർഷകസംഘം സിപിസിആർഐയുടെ പ്രവർത്തനങ്ങൾക്കൊപ്പം ഉണ്ടാകുമെന്ന് നേതാക്കൾ ഉറപ്പു നൽകി.

കർഷകസംഘം സംസ്ഥാന സെക്രട്ടറി കെ വി രാമകൃഷ്ണൻ, ജോയിന്റ് സെക്രട്ടറിമാരായ ഗോപി കോട്ടമുറിക്കൽ, എം പ്രകാശൻ, സി എച്ച് കുഞ്ഞമ്പു, സംസ്ഥാന കമ്മിറ്റി അംഗം ഡോ. സി ഭാസ്കരൻ എന്നിവർ സംഘത്തിലുണ്ടായിരുന്നു. കേന്ദ്രത്തിലെ ശാസ്ത്രജ്ഞരായ ഡോ. സി തമ്പാൻ, ഡോ. കെ മുരളീധരൻ, ഡോ. വിനായക് ഹെഗ്ഡെ, ഡോ. കെ ഷംസുദീൻ, ഡോ. എ സി മാത്യു എന്നിവരും ചർച്ചയിൽ പങ്കെടുത്തു.